**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **17-09-2025 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന്റെ മിഷൻ 1000 പദ്ധതി പ്രകാരം നാളിതുവരെ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങൾ കൂടുതൽ മികവുള്ള സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് മിഷൻ 1000 **പദ്ധതി** നടപ്പിലാക്കുന്നത്.<br><br>ഇതുവരെ ലഭിച്ച അപേക്ഷകളിൽ നിന്നും 376 സംരംഭകരെ, മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങൾ അവയുടെ സ്കെയിൽ അപ്പ് പ്രോജക്ടുകൾ തയ്യാറാക്കി വരുന്നുണ്ട്. ഡി.പി. ആറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും സ്കെയിൽ അപ്പ് പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നത്.<br><br>പദ്ധതിയുടെ ഭാഗമായി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (DPR) സമർപ്പിച്ച 163 സംരംഭകരിൽ നിന്നും 105 പേരുടെ പദ്ധതി റിപ്പോർട്ട് ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്ന തിനുള്ള സഹായത്തിനു അപേക്ഷ നൽകിയ 92 പേരിൽ നിന്നും 58 സംരംഭങ്ങൾക്ക് സാമ്പത്തിക സഹായമായി 49,50,925 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റുള്ള സംരംഭകരുടെ അപേക്ഷകളി ന്മേൽ സഹായധനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പേർക്ക് അധിക തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പദ്ധതി പ്രകാരമുള്ള സഹായധന ആനുകൂല്യങ്ങൾ യൂണിറ്റുകൾക്ക് നൽകി വരുന്നു. പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് അധിക തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ